# കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവ്വകലാശാല

രജിസ്ട്രാറുടെ കാര്യാലയം, പൂക്കോട്, ലക്കിടി.പി.ഒ., വയനാട് – 673 576

ഈമെയിൽ: registrar@kvasu.ac.in, officeregistry@kvasu.ac.in, ഫോൺ: 04936 209230, 209223


Approved By Dr. P. SUDHEER BABU (REGISTRAR) on 22/12/2023 01:18 PM
(The document is digitally approved and does not require any Seal or Signature in original)

നം. KVASU/GA/B1/3770/2023(6) പൂക്കോട്, തീയതി, 22/12/2023

## വിജ്ഞാപനം

കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവ്വകലാശാലയുടെ മാനേജ്മെൻറ് കൗൺസിലിൽ, സർവ്വകലാശാലാ ആക്ട് 2010 (2011ലെ ആക്ട് 3) 21-ാം വകുപ്പിലെ ഉപവകുപ്പ് 2 (ii),(iii), (iv) & (V) എന്നീ വിഭാഗങ്ങളിലേക്ക് പുന:സംഘടിപ്പിക്കേണ്ടതുണ്ട്. സർവ്വകലാശാലയുടെ ഭേദഗതി ചെയ്ത സ്റ്റാറ്റ്യൂട്ടിലെ XXIV-ാം അദ്ധ്യായത്തിൽ സൂചിപ്പിച്ചിരിക്കുന്ന വ്യവസ്ഥകൾ പ്രകാരം കൈമാറ്റം ചെയ്യാവുന്ന ഒറ്റ വോട്ട് വഴി ആനുപാതിക പ്രാതിനിധ്യ സമ്പ്രദായത്തിലൂടെ ചുവടെ കൊടുത്തിരിക്കുന്ന മണ്ഡലങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

**മണ്ഡലങ്ങൾ:**

1. സർവ്വകലാശാലയിലെ വിദ്യാർത്ഥികളിൽ നിന്ന് അവരാൽ തിരഞ്ഞെടുക്കപ്പെടുന്ന ഒരംഗം.
2. സർവ്വകലാശാലയിലെ അദ്ധ്യാപകരിൽ നിന്ന് അവരാൽ തിരഞ്ഞെടുക്കപ്പെടുന്ന 3 (മൂന്ന്) അംഗങ്ങൾ.
3. സർവ്വകലാശാലയിലെ അനദ്ധ്യാപക ജീവനക്കാരിൽ നിന്നും അവരാൽ തിരഞ്ഞെടുക്കപ്പെടുന്ന ഒരംഗം.
4. സർവ്വകലാശാലയിലെ സ്ഥിരം തൊഴിലാളികളിൽ നിന്നും അവരാൽ തിരഞ്ഞെടുക്കപ്പെടുന്ന ഒരംഗം.

**തിരഞ്ഞെടുപ്പ് സംബന്ധിച്ച സമയക്രമം ചുവടെ കൊടുക്കുന്നു.**

| | |
|---|---|
| വിജ്ഞാപനം പുറപ്പെടുവിക്കുകയും നാമനിർദ്ദേശ പത്രിക വിതരണം ആരംഭിക്കുകയും ചെയ്യുന്ന തീയതി | 22-12-2023 |
| നാമനിർദ്ദേശ പത്രിക റിട്ടേണിംഗ് ഓഫീസറുടെ കാര്യാലയത്തിൽ സ്വീകരിച്ചു തുടങ്ങുന്ന തീയതി | 10-01-2024 |
| നാമനിർദ്ദേശ പ്രതിക സ്വീകരിക്കാനുള്ള അവസാന തീയതിയും സമയവും | 22-01-2024, 03.00 PM |
| നാമനിർദ്ദേശപത്രിക സൂക്ഷ്മ പരിശോധന നടത്തുന്ന തീയതിയും സമയവും | 22-01-2024, 03.15 PM |
| നിയമസാധുതയോടെ നാമനിർദ്ദേശം ചെയ്യപ്പെട്ട സ്ഥാനാർത്ഥികളുടെ പട്ടിക പ്രസിദ്ധീകരിക്കുന്ന തീയതിയും സമയവും | 22-01-2024, 04.00 PM |
| നാമനിർദ്ദേശ പത്രിക പിൻവലിക്കാനുള്ള അവസാന തീയതിയും സമയവും | 29-01-2024, 02.30 PM |
| സ്ഥാനാർത്ഥികളുടെ അന്തിമ പട്ടിക പ്രസിദ്ധികരിക്കാനുള്ള തീയതിയും സമയവും | 29-01-2024, 04.00 PM |
| വോട്ടെടുപ്പ് നടത്തുന്ന തീയതിയും സമയവും | **22-02-2024,** വ്യാഴം<br>**09.00 AM to 04.00 PM** |

| | |
|---|---|
| വോട്ടെണ്ണൽ നടത്തുന്ന തീയതിയും സമയവും | 24-02-2024, 10.00 AM<br>സർവ്വകലാശാലാ ആസ്ഥാനത്തുള്ള കബനി ഓഡിറ്റോറിയത്തിൽ വച്ച് |

തിരഞ്ഞെടുപ്പ് വിജ്ഞാപനത്തിനൊപ്പം സർവ്വകലാശാല പ്രസിദ്ധീകരിക്കുന്ന വോട്ടർ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾ, അധ്യാപകർ, അനദ്ധ്യാപക ജീവനക്കാർ, സ്ഥിരം തൊഴിലാളികൾ എന്നിവർക്ക് മാത്രമേ തിരഞ്ഞെടുപ്പിൽ മൽസരിക്കുവാനോ വോട്ട് രേഖപ്പെടുത്തുവാനോ ഉള്ള നിയമപരമായ അവകാശം ഉണ്ടാകുകയുള്ളൂ. നാമനിർദ്ദേശ പത്രികയും, തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മറ്റു വിശദാംശങ്ങളും, സർവ്വകലാശാലാ രജിസ്ട്രാറുടെ ഓഫീസിൽ നിന്നും, സർവ്വകലാശാലാ വെബ്സൈറ്റ് ആയ www.kvasu.ac.in-ൽ നിന്നും ലഭിക്കുന്നതാണ്.

**ഡോ. പി. സുധീർ ബാബു**
**രജിസ്ട്രാർ & റിട്ടേണിംഗ് ഓഫീസർ**

Approved By Dr. P. SUDHEER BABU (REGISTRAR) on 22/12/2023 01:18 PM
(The document is digitally approved and does not require any Seal or Signature in original)